# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ക്ലാർക്ക് ശ്രീ ജോർജ്ജ് ഏലിയാസ് മൂഴിയിലിന് ബിരുദ പഠനം പൂർത്തിയാക്കുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ.**2266/2016/**തസ്വഭവ തിരുവനന്തപുരം, തീയതി, **27/07/2016.**

---

പരാമർശം: 1) ശ്രീ ജോർജ്ജ് ഏലിയാസ് മൂഴിയിലിന്റെ 28.04.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 24.05.2016 ലെ ഇ 6-15701/16 നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ക്ലാർക്ക് ശ്രീ ജോർജ്ജ് ഏലിയാസ് മൂഴിയിലിന് ടിയാന്റെ ബിരുദ പഠനം പൂർത്തിയാക്കാനായി കെ എസ് ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കാണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ ജോർജ്ജ് ഏലിയാസ് മൂഴിയിൽ ആശ്രിത നിയമന പദ്ധതി പ്രകാരം 23.04.2016 ൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു ടിയാന് ബിരുദ പഠനം പൂർത്തിയാക്കുന്നതിലേക്കായി 01.06.2016 മുതൽ 30.05.2017 വരേയ്ക്കാണ് അപേക്ഷിച്ചിട്ടുള്ളത്. കോളേജ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ടിയാന്റെ പേരിൽ വിജിലൻസ് കേസോ വകുപ്പ് തല അച്ചടക്കനടപടിയോ ഇല്ല എന്ന കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ച് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ ജോർജ്ജ് ഏലിയാസ് മൂഴിയിലിന് ടിയാന്റെ ബിരുദ പഠനം പൂർത്തിയാക്കുന്നതിലേക്ക് 01.06.2016 മുതൽ 30.05.2017 വരെ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായും ഇപ്രകാരം ഉണ്ടാകുന്ന ഒഴിവ് നികത്താൻ പാടുള്ളതല്ല എന്ന നിബന്ധനയിലും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി എസ്
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ ജോർജ്ജ് ഏലിയാസ് മൂഴിയിൽ, ക്ളാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, കോട്ടയം
( പഞ്ചായത്ത് ഡയറക്ടർ, കോട്ടയം, മുഖാന്തിരം)
ധനവകുപ്പിന് ( 24.06.2016 ലെ 251724/ആർബി2/16/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം. ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/106/16/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ